യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കാർഷികസാക്ഷരതാ പരിപാടി

251 (6702) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ ബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികം ഫിഷറീസും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കാർഷിക സാക്ഷരതാ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ :

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതു തലമുറയ്ക്ക് കൃഷി സംബന്ധമായ ശാസ്ത്രസാങ്കേതികത്വവും സാധ്യതയും പരിചയപ്പെടുത്തി യുവജനങ്ങളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പ്രസ്തുത പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

(സി) ഹയർസെക്കന്ററി സ്കൂൾ തലങ്ങളിൽ കാർഷിക പ്രചരണം, കൃഷി സാങ്കേതികത്വ പരിശീലനം, വിവിധ കൃഷി സാക്ഷരതാ പ്രവർത്തനങ്ങൾ, കാർഷിക യുവത്വം ശില്പശാല തുടങ്ങിയവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു.

(ഡി) അഗ്രിഹണ്ട്സ്, കൃഷി സാംസ്കാരിക വേദി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്. കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, നാഷണൽ സർവ്വീസ് സ്കീം എന്നീ സഹായങ്ങളും വകുപ്പുകളുമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിച്ചത്.

യുവജനക്ഷേമ ബോർഡുവഴിയുള്ള പദ്ധതികൾ

252 (6703) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം ഫിഷറീസും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനങ്ങൾക്കായി ഈ സർക്കാർ നടപ്പിലാക്കിയതും, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിരുന്ന യൂത്ത് കോ-ഓർഡിനേറ്റർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ ഇരിക്കുന്നവർക്ക് എന്തു ഓണറേറിയമാണ് നൽകുന്നത് ;

(ഡി) യുവജനക്ഷേമ ബോർഡുവഴി യുവജനങ്ങൾക്കായി എന്തൊക്കെയാണ് കാര്യങ്ങളാണ് നടപ്പാക്കുന്നത് ;

(ഇ) പ്രസ്തുത ബോർഡുവഴി ചെറുകിട സംരംഭകരായ യുവാക്കൾക്ക് പലിശ കുറഞ്ഞ ലോൺ അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളോത്സവം, യുവശക്തി, യുവജനകാസ്, സാംസ്കാരിക പ്രവർത്തനങ്ങൾ, സാഹസിക കായിക പ്രവർത്തനങ്ങൾ, കരുതലും കൈത്താങ്ങും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൃഷി-പരിസ്ഥിതി, ദേശീയോദ്ഗ്രഥന പരിപാടികൾ, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് ഹോസ്റ്റൽ, പഠന ഗവേഷണ കേന്ദ്രം എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പദ്ധതികളാണ് 2014-15 വർഷത്തിൽ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇവയിൽ പലതും നടപ്പിലാക്കി വരികയാണ്.

(ബി) യുവശക്തി പദ്ധതിയുടെ ഭാഗമായി യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നുണ്ട്.

(സി) ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 10,000 രൂപയും പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് 2,500 രൂപയുമാണ് പ്രതിമാസം ഓണറേറിയമായി നൽകുന്നത്.

(ഡി) ജോബ്ഫെയർ, വ്യക്തിത്വ വികസനക്യാമ്പ്, നേതൃത്വ പരിശീലന ക്യാമ്പ്, മാധ്യമ ക്യാമ്പ്, ഭാരത്ദർശൻ, ദേശീയോദ്ഗ്രഥന ക്യാമ്പ്, അക്ഷരയുവത രം, യുവ മാധ്യമ പ്രവർത്ത ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ, പരിത്രസൂത്ര, സമഗ്ര രക്തദാന പരിപാടി, രാജീവ് ഗാന്ധി പഠനഗവേഷണകേന്ദ്രം, ക്യാമ്പസ് ലീഡർഷിപ്പ് ക്യാമ്പ്, വനിതാശിൽപശാല, സ്വയം തൊഴിൽ പരിശീലനം, ബോധവൽക്കരണം, സ്വാമി വിവേകാനന്ദ പ്രതിഭാ പുരസ്കാരം, ഡി.റ്റി.പി/ പി.എസ്.സി. ഓൺലൈൻ പരിശീലനം, സൗജന്യ മത്സര പരീക്ഷ പരിശീലനം, നാടൻകലാ പരിശീലനം, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, സ്പോർട്സ് കിറ്റ് വിതരണം തുടങ്ങിയ പ്രോഗ്രാമുകളാണ് നടപ്പിലാക്കുന്നത്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly